DEEPIKA 04.01.2018

# വൈഗയ്ക്കായി കഫേ കുടുംബശ്രീ വിളമ്പിയത് 32 ലക്ഷത്തിന്റെ ഭക്ഷണം

**തൃശൂർ:** അന്താരാഷ്ട്ര കാർഷിക പ്രദർശനമായ വൈഗയ്ക്കായി കഫേ കുടുംബശ്രീ വിളമ്പിയത് 32 ലക്ഷം രൂപയുടെ രുചിവൈവിധ്യങ്ങൾ.

ദിവസവും 2500 മുതൽ 3500 വരെയുള്ള പ്രതിനിധികൾക്കു പ്രാതൽ, ഉച്ചഭക്ഷണം, അത്താഴം മുതലായവയാണ് തയാറാക്കിയത്.

തൃശൂർ കോർപറേഷൻ, പുത്തൂർ, പറപ്പൂക്കര, വേലൂർ, കോലഴി, തളിക്കുളം പഞ്ചായത്തുകളിലെ 10 യൂണിറ്റുകൾ, ആലപ്പുഴയിലെ രണ്ടു യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിലായിരുന്നു പാചകം. വിവിധ തരം ദോശകൾ, ബിരിയാണി, കപ്പ -മീൻകറി, കപ്പ ബിരിയാണി, ജ്യൂസുകൾ മുതലായവയും കഫേ കുടുംബശ്രീ തയാറാക്കിയിരുന്നു.

കഫേ കുടുംബശ്രീക്കു പ്രവർത്തന മികവിനു വൈഗയുടെ അനുമോദനവും അംഗീകാരവും ലഭിച്ചു.